KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.186/PR/PIC/2018 Date : 29.07.2018

**പെരുമ്പാവൂർ പോലീസ് സബ് ഡിവിഷന് പുതിയ മന്ദിരം: ഉദ്ഘാടനം 31 ന്**

പെരുമ്പാവൂർ പോലീസ് സബ്ബ് ഡിവിഷന്റെ പുതിയ മന്ദിരത്തിന്റെ പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ (31.07.18) വൈകിട്ട് 04.30 ന് പെരുമ്പാവൂർ എഫ്. എ. എസ് ആഡിറ്റോറിയത്തിൽ നിർവ്വഹിക്കും. പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരൻ അധ്യക്ഷത വഹിക്കും. ചാലക്കുടി എം. പി. ഇന്നസെന്റ് മുഖ്യാതിഥിയായിരിക്കും. പെരുമ്പാവൂർ എം എൽ എ എൽദോസ് കുന്നപ്പള്ളി പ്രത്യേക പ്രഭാഷണം നടത്തും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ആമുഖപ്രഭാഷണം നടത്തും. മേഖല എ. ഡി. ജി. പി. അനിൽകാന്ത്, മുൻസിപ്പൽ ചെയർ പേഴ്സൺ സതി ജയകൃഷ്ണൻ, മുൻ നിയമസഭാ സ്പീക്കർ പി പി തങ്കച്ചൻ, മുൻ പെരുമ്പൂവൂർ എം എൽ എ സാജുപോൾ, .ടെൽക് ചെയർമാൻ എൻ. സി. മോഹനൻ, ഫാമിങ് കോർപ്പറേഷൻ ചെയർമാൻ കെ. കെ. അഷറഫ്, വാർഡ് കൗൺസിലർ റീജാവിജയൻ, ബി. ജെ. പി. സംസ്ഥാന വൈസ് പ്രസിഡന്റ് പി. എം. വേലായുധൻ, മുസ്ലീം ലീഗ് സംസ്ഥാന കൗൺസിൽ പ്രിസൈഡിങ് മെമ്പർ എം. പി. അബ്ദുൾ ഖാദർ, കേരള കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ്, കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ ജില്ല പ്രസിഡന്റ് എം. കെ. മുരളി, കേരള പോലീസ് അസോസിയേഷൻ ജില്ല പ്രസിഡന്റ് ഇ. കെ. അബ്ദുൾ ജബ്ബാർ തുടങ്ങിയവർ ആശംസാപ്രസംഗം നടത്തും. കൊച്ചി റേഞ്ച് ഐ. ജി. വിജയ് സാക്കറെ സ്വാഗതവും എറണാകുളം റൂറൽ ജില്ലാപോലീസ് മേധാവി രാഹുൽ ആർ നായർ നന്ദിയും രേഖപ്പെടുത്തും.

****************